# മുസ്‌ലിമായി ജനിക്കാൻ കഴിഞ്ഞില്ലെങ്കിലും...

ദീപ്തി മറിയം / ലൈല തൃക്കരിപ്പൂർ

*പേര്,നാട് കുടുംബം?*

പേര് ദീപ്തി. ഞാൻ ജനിച്ചതും വളർന്നതുമൊക്കെ ബാംഗ്ലൂരിൽ. അച്ഛൻ എയറനോട്ടിക്കൽ എഞ്ചിനീയർ. അമ്മ വീട്ടമ്മ. രണ്ട് സഹോദരൻമാർ. മൂത്ത സഹോദരൻ ലണ്ടനിൽ പീഡിയാട്രീഷ്യനായിരുന്നു. ഇളയ ആൾ വിദ്യാർഥിയും. കൂട്ടുകുടുംബമാണ് ഞങ്ങളുടേത്. അച്ഛന്റെ കൂടെതന്നെയാണ് അച്ഛന്റെ സഹോദരൻമാരും താമസിക്കുന്നത്. അവർക്ക് രണ്ടുപേർക്കും മൂന്ന് ആൺമക്കൾ. എല്ലാവർക്കും കൂടിയായി ഞാനൊരുത്തി മാത്രം.

*വിദ്യാഭ്യാസം?*

MBBS പൂർത്തിയാക്കി. സ്കൂൾ പഠനം ബാംഗ്ലൂരിൽ തന്നെയായിരുന്നു. പ്ലസ് ടുവിന് ശേഷം മംഗലാപുരത്ത് K S Hedge മെഡിക്കൽ കോളജിൽ ചേർന്നു. ഇന്റേൺഷിപ്പ് പൂർത്തിയാക്കിയില്ല.

*ഇപ്പോൾ ജോലി?*

ഇല്ല, ചില പ്രശ്നങ്ങൾ കാരണം ഇപ്പോൾ ജോലി ചെയ്യേണ്ടെന്ന് തീരുമാനിച്ചു.

*ഇസ്‌ലാമിലേക്ക് വരാനുണ്ടായ കാരണം വിശദീകരിക്കാമോ?*

എന്നെക്കുറിച്ച് പറയുകയാണെങ്കിൽ പൂർണ്ണവളർച്ചയെത്തിയിട്ടില്ലാത്ത കുഞ്ഞായിട്ടാണ് ഞാൻ ജനിച്ചത്. ആറ് മാസം പിന്നിട്ടപ്പോൾ ഡോക്ടർമാരെല്ലാം തീർത്തുപറഞ്ഞു പിറവിയിലുള്ള പ്രശ്നങ്ങൾ മൂലം ശാരീരികവൈകല്യം ഉള്ള കുട്ടിയാണിവൾ. മൂന്നടിയിലേറെ പൊക്കമുണ്ടാവില്ല, ബുദ്ധിവികാസവും വേണ്ടത്ര കാണില്ല..! മൂന്ന് സഹോദരന്മാരടക്കം വലിയൊരു കൂട്ടുകുടുംബത്തിലെ ഏക പെൺതരിയായിരുന്നല്ലോ ഞാൻ, ആറ്റുനോറ്റുണ്ടായ ഏക പെൺകുട്ടി. അതിനാൽ സർവ്വവിധ പരിചരണങ്ങളും ഏറ്റുവാങ്ങി ജീവിച്ചവൾ. മാത്രമല്ല ഞങ്ങളുടെ സമുദായത്തിൽ പെൺകുട്ടികൾക്കാണ് മുഖ്യസ്ഥാനം. കുടുംബസ്വത്തിന്റെ അവകാശവും സമുദായത്തിൽ പെൺകുട്ടികൾക്കാണ്. ഏതായാലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വൈദ്യശാസ്ത്രത്തിന്റെ കണക്കുകളെല്ലാം തെറ്റിച്ച് എല്ലാ പ്രായത്തിലും സമപ്രായക്കാരെക്കാൾ നീളവും തടിയുമൊക്കെ എനിക്കായിരുന്നു. എപ്പോഴും എവിടെയും കുടുംബത്തിന്റെ മുഴുവൻ ശ്രദ്ധയും പരിചരണവും സ്വാത്ര്യന്ത്യവും എനിക്ക് ലഭിച്ചിരുന്നു. പിതാവ് ഒരിക്കലും വിഗ്രഹാരാധകനായിരുന്നില്ല. എന്നാൽ ഒരു ദൈവികശക്തിയിൽ വിശ്വാസിച്ചിരുന്നുതാനും. അതിനാൽ എന്നെയും സഹോദരന്മാരെയും വളർത്തിയത് ആ രീതിയിലാണ്. അതിനാൽതന്നെ ദൈവഭയം, അമ്പലത്തിൽ

**മൂന്ന് സഹോദരന്മാരടക്കം വലിയൊരു കൂട്ടുകുടുംബത്തിലെ ഏക പെൺതരിയായിരുന്നു ഞാൻ, ആറ്റുനോറ്റുണ്ടായ ഏക പെൺകുട്ടി. അതിനാൽ സർവ്വവിധ പരിചരണങ്ങളും ഏറ്റുവാങ്ങി ജീവിച്ചവൾ. മാത്രമല്ല ഞങ്ങളുടെ സമുദായത്തിൽ പെൺകുട്ടികൾക്കാണ് മുഖ്യസ്ഥാനം. കുടുംബസ്വത്തിന്റെ അവകാശവും സമുദായത്തിൽ പെൺകുട്ടികൾക്കാണ്.**

**ഞാനുപേക്ഷിച്ച് പോന്ന ഓരോ സൗഭാഗ്യങ്ങളും ഇന്നെന്റെ ജീവിതത്തിലേക്ക് പതിന്മടങ്ങ് ശോഭയോടെ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. എന്റെ ഭക്ഷണകാര്യത്തിൽ പോലും അല്ലാഹു ശ്രദ്ധിക്കുന്നുണ്ട് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. വീട്ടിൽ ഞാനൊറ്റ പെൺകുട്ടിയായിരുന്നു. ഇപ്പോഴെനിക്ക് ഒരുപാട് സഹോദരിമാരുണ്ട്. നല്ല വീടുണ്ട്, നല്ല ഭക്ഷണമുണ്ട്. എല്ലാം അല്ലാഹു എനിക്ക് വേണ്ടി ഒരുക്കി വെച്ചിരിക്കുകയായിരുന്നു.**

പോവുക തുടങ്ങിയ കാര്യങ്ങളൊന്നും ജീവിതത്തിൽ ഉണ്ടായിരുന്നില്ല. സ്വർഗനരകങ്ങളെ കുറിച്ച ചിന്തയേ ഉണ്ടായിയിരുന്നില്ലെന്നു സാരം.

ഞാൻ വൈകല്യമുള്ള കുട്ടിയാണെന്ന് ഡോക്ടർമാർ പറഞ്ഞപ്പോൾ പോലും എനിക്ക് വേണ്ടി അവർ അമ്പലങ്ങൾ കയറിയിറങ്ങുകയോ നേർച്ചവഴിപാടുകൾ നടത്തുകയോ ഉണ്ടായില്ല, മറിച്ച് വൈദ്യശാസ്ത്രത്തിൽ കിട്ടാവുന്ന മുന്തിയചികിൽസാ പരിചരണങ്ങൾ ലഭ്യമാക്കിയെന്നു മാത്രം. ഡാഡി വളരെ നല്ല മനുഷ്യനാണ്. വളരെ സൻമനസ്സും വിശാലഹൃദയവുമുള്ള വ്യക്തി. അദ്ദേഹം ജീവിക്കുന്ന രീതി, ഞങ്ങളെ വളർത്തിയ രീതി, ഒക്കെ വ്യത്യസ്തമാണ്. പഠിക്കുക, കളിക്കുക, ഞങ്ങൾക്ക് സാധിക്കുന്നതൊക്കെ ചെയ്യുക, ചെയ്യുന്ന കാര്യത്തിൽ 'ബെസ്റ്റ്' ആവാൻ ശ്രമിക്കുക, ഇതൊക്കെയായിരുന്നു ഞങ്ങൾക്കുള്ള നിർദ്ദേശങ്ങൾ. പെൺകുട്ടിയായിരുന്നിട്ടു പോലും ഫുട്ബോൾ കളിക്കാൻ പിതാവ് എന്നെ പ്രോൽസാഹിപ്പിച്ചിരുന്നു. ഞാൻ പത്താംക്ലാസിൽ പഠിക്കുമ്പോൾ എന്നെയും കൂട്ടി പിതാവ് സാക്കിർ നായിക്കിന്റെ ഒരു പരിപാടിക്ക് പോയി. വെറുതെ ഡാഡിയുടെ കൂടെ പോയെന്ന് മാത്രം. അക്കാലത്ത് സാക്കിർ നായിക്കിന് എന്റെ ജീവിതത്തിൽ പ്രത്യേകിച്ചൊന്നും ചെയ്യാനുണ്ടായിരുന്നില്ല. പക്ഷേ, ഞാനദ്ദേഹത്തിന്റെ പ്രസംഗങ്ങളും ചോദ്യോത്തരങ്ങളും കേട്ടിരുന്നു. ഇസ്ലാമിനെകുറിച്ച് ജനങ്ങൾ കൂടുതൽ സംസാരിക്കാൻ തുടങ്ങിയ കാലമായിരുന്നു അത്. സെപ്തംബർ 11 അതിനൊരു കാരണമായി. ഇസ്ലാമിക തീവ്രവാദത്തെകുറിച്ചായിരുന്നു എല്ലാവരും അന്ന് കൂടുതലും സംസാരിച്ചുകൊണ്ടിരുന്നത്.

രാഷ്ട്രീയം എനിക്ക് വളരെ ഇഷ്ടമാണ്. അതുപോലെ പത്രം വായനയും. ഇസ്ലാമിക തീവ്രവാദത്തെകുറിച്ച് എന്തെങ്കിലുമൊന്നു എല്ലാ ദിവസത്തെ പത്രങ്ങളിലുമുണ്ടാകുമായിരുന്നു. മുസ്ലിംകളെന്നാൽ പാകിസ്താൻകാരും അഫ്ഗാനിസ്ഥാൻകാരും വിദ്യഭ്യാസമില്ലാത്തവരുമായിരിക്കും എന്നായിരുന്നു എന്റെ ധാരണ.

പ്ലസ്ടുവിന് ശേഷം എം.ബി.ബി.എസിന് ചേർന്നു. കോളജ് ദിനങ്ങളിൽ ഇസ്ലാമിനെയും ജിഹാദിനെയും കുറിച്ചൊക്കെ ഞാൻ ഓർക്കാറുണ്ടായിരുന്നു.ചില സിഡികളിൽ ഞാൻ അതിനെകുറിച്ച് കേൾക്കുകയും ചെയ്തു.

*ആരായിരുന്നു CDകൾ തന്നിരുന്നത്?*

സത്യത്തിൽ അതിനും വഴിയൊരുക്കിയത് ഡാഡിതന്നെയായിരുന്നു. മതങ്ങളെകുറിച്ച് പഠിക്കുകയും പ്രസംഗങ്ങൾ കേൾക്കുകയും ചെയ്യുന്ന വ്യക്തിയായിരുന്നു ഡാഡി. സ്ഥിരമായി Benny Hinnന്റെ സിഡികൾ ശ്രവിക്കാറുണ്ടായിരുന്നു. ബിലീവറുകളുടെ പ്രശസ്തനായ ഒരു പ്രാസംഗികനായിരുന്നു ബെന്നി. ബിലീവറുകൾ ക്രിസ്ത്യാനികളിലുള്ള ഒരു വിഭാഗമാണ്. ക്രൂശീകരണത്തിൽ വിശ്വസിക്കുന്നു എന്നൊഴിച്ചാൽ കുറെ കാര്യങ്ങളിലെല്ലാം അവർ നമ്മോട് സാദൃശ്യം പുലർത്തുന്നു. ശരീരം മറക്കും; ബിംബാരാധന നടത്തില്ല. മതകാര്യങ്ങളിൽ നിഷ്കർഷതയും ചിട്ടയും പുലർത്തി ജീവിക്കുന്നവരാണ് അവർ. അവരുടെ സീഡികൾ കേൾക്കാൻ എനിക്കിഷ്ടമായിരുന്നു. ഞാൻ ഡിബേറ്റ് മൽസരങ്ങൾക്കൊക്കെ പോകാറുണ്ടായിരുന്നതുകൊണ്ട് ഇതൊക്കെ സൂക്ഷ്മതയോടെ വിലയിരുത്താറുമുണ്ടായിരുന്നു.

ഞാൻ ആദ്യമായി വായിച്ച മതപുസ്തകം ബൈബിൾ ആണ്. കാരണം, ഹിന്ദുമതങ്ങളെകുറിച്ച് എനിക്ക് അറിയാമായിരുന്നു. പത്താംക്ലാസിൽ ഞങ്ങൾക്കൊരു വിഷയം മതപഠനമായിരുന്നു. അന്നു ഞാൻ ഹിന്ദുമതമാണ് പഠിക്കാൻ തിരഞ്ഞെടുത്തത്. അതിൽ ദൈവത്തിന്റെ തുടക്കവും നിലനിൽപും ഒക്കെ രസകരമായ കെട്ടുകഥകളുമായി ബന്ധപ്പെട്ടതാണ്. എല്ലാം സാങ്കൽപികവും അതിശയോക്തി കലർന്നതും വിശ്വസിക്കാൻ ഏറെ പ്രയാസമുള്ളവയും. ശിവന്റെ കാര്യം തന്നെ നോക്കൂ, അദ്ദേഹത്തിന്റെ ഭാര്യക്ക് ഒരു കുഞ്ഞുണ്ടാവുമ്പോൾ അത് തന്റെ മകനാണെന്നറിയാതെ അദ്ദേഹം അതിനെ കൊല്ലുകയാണ്. സ്വന്തം മകനെ കൊല്ലുന്ന അച്ഛനോ എന്ന് ഞാൻ പലപ്പോഴും ഓർത്തുപോയിട്ടുണ്ട്. സ്വന്തം മകനാരെന്നറിയാത്ത ദൈവത്തിന് പിന്നെങ്ങനെ എവിടെയോ കിടക്കുന്ന ഞാൻ ആരുടെ മകളാണെന്ന് അറിയുക? പിന്നെങ്ങനെ എന്റെ പ്രാർഥന കേൾക്കാൻ? ഉത്തരം നൽകാൻ? എനിക്കിതൊക്കെ വളരെ തമാശയായി തോന്നി. തന്റെ മകനൊരു തല കൊടുക്കുവാൻ ദൈവത്തിന് ഒരാനയുടെ സഹായം വേണ്ടി വന്നു. അങ്ങനെയുള്ള ദൈവത്തിനെങ്ങനെ എന്നെ സഹായിക്കാൻ പറ്റും?

ഇതിലൊന്നും ഒരു കാര്യവുമില്ലെന്ന് മനസ്സിലാക്കിയ ഞാൻ ക്രിസ്ത്യാനിറ്റിയെകുറിച്ച് പഠിക്കാൻ തീരുമാനിച്ചു. എനിക്ക് കോട്ടയത്തു നിന്നുള്ള ഒരു കൂട്ടുകാരനുണ്ടായിരുന്നു. എന്റെ പിതാവിന്റെ കൂട്ടുകാരന്റെ മകൻ. സ്വന്തം സഹോദരനെപോലെയായിരുന്ന അവൻ ജെറിൻ ജോയ് ബിലീവറുകളിൽ പെട്ടവനായിരുന്നു. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഞാനൊരു കാര്യം പറയട്ടെ. ജെറിയുടെ സംസാരം കേട്ട് ഞങ്ങളുടെ കോളജിലെ 16 ഹിന്ദുകുട്ടികൾ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു. കോളജിൽ ഈ വിഷയം പക്ഷേ ആദ്യമായി സംസാരിച്ചത് എന്റെയടുത്താണ്. ഞാൻ തുടക്കത്തിൽ അത് ചിരിച്ചു തള്ളി. സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും മണ്ടൻ കഥകൾ പറയാൻ നിനക്ക് നാണമില്ലേ എന്നൊരിക്കൽ ഞാനവനെ കളിയാക്കി. സ്വർഗ്ഗത്തെയും നരകത്തെയും പോലെ എന്തെങ്കിലുമുണ്ടെന്ന് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല. അത്യാവശ്യം വരക്കുമായിരുന്ന ഞാൻ അവനെ കഥാപാത്രമാക്കി ചില കാർട്ടൂണുകളും വരച്ചു. ഏതായാലും സ്വർഗ്ഗത്തേയും നരകത്തേയും

**ഡാഡി വളരെ നല്ല മനുഷ്യനാണ്. വളരെ സൻമനസ്സും വിശാലഹൃദയവുമുള്ള വ്യക്തി. അദ്ദേഹം ജീവിക്കുന്ന രീതി, ഞങ്ങളെ വളർത്തിയ രീതി, ഒക്കെ വ്യത്യസ്തമാണ്. പഠിക്കുക, കളിക്കുക, ഞങ്ങൾക്ക് സാധിക്കുന്നതൊക്കെ ചെയ്യുക, ചെയ്യുന്ന കാര്യത്തിൽ 'ബെസ്റ്റ്' ആവാൻ ശ്രമിക്കുക, ഇതൊക്കെയായിരുന്നു ഞങ്ങൾക്കുള്ള നിർദ്ദേശങ്ങൾ.**

കുറിച്ചുള്ള ചിന്ത ആദ്യമായി എന്റെ മനസിലേക്ക് ഇട്ടു തന്നത് അവനാണ്. നമ്മൾ ജീവിതത്തിൽ ചെയ്തതൊക്കെ ഒരു നാൾ ചോദ്യം ചെയ്യുമെന്ന് അവനെന്നോട് പറഞ്ഞു. 16 കുട്ടികൾ മതം മാറിയപ്പോൾ കോളജിൽ അതൊരു കോളിളക്കം സൃഷ്ടിച്ചു. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഇടപഴകുന്നത് നിരോധിച്ചു.

എനിക്കവൻ കുറച്ച് ബുക്കുകളും സീഡികളും തന്നിരുന്നു. ഞാനത് വായിക്കാൻ തുടങ്ങി. പക്ഷെ, എനിക്കതിൽ ഒട്ടും സംതൃപ്തി കണ്ടെത്താനായില്ല. മനസിൽ എപ്പോഴും ശൂന്യത. ഒരു ബൈബിളിലുള്ളതല്ല മറ്റൊരു ബൈബിളിലുള്ളത്. ഒന്നിലുള്ളത് മറ്റൊന്നിൽ കാണില്ല. ചിലത് നേരെ വിപരീതവും. ഞാനിതിനെക്കുറിച്ച് അവനോട് ചോദിച്ചപ്പോൾ അവൻ പറഞ്ഞു ദൈവത്തിൽ നിന്ന് ഇറക്കിയത് ഒരേപോലെയായിരുന്നു ജനങ്ങളാണ് അവ മാറ്റിമറിച്ചത് എന്ന്. ഞാൻ തിരിച്ച് ചോദിച്ചു ജനങ്ങൾ അതിനെ മാറ്റിയിട്ടുണ്ടെങ്കിൽ പിന്നെങ്ങനെ അതിലെ സത്യം കണ്ടെത്തും? അതോടെ ഞാൻ ബൈബിൾ മാറ്റിവെച്ചു. അതെനിക്ക് തീരെ സംതൃപ്തി നൽകിയില്ല. എനിക്ക് പൂർണ്ണതോതിൽ സംതൃപ്തി ലഭിച്ചാലേ ഞാനൊരു കാര്യം തിരഞ്ഞെടുക്കുകയുള്ളൂ. ചെറുപ്പത്തിലെ എന്റെ ശീലമാണത്. ഡാഡിയിൽ നിന്ന് കിട്ടിയതാവാം ഈ ശീലം.

ആയിടക്കാണ് അങ്കിളിന്റെ വീട്ടിൽ ഒരു പാർട്ടി നടന്നത്. ഒരു മുസ്‌ലിം കുടുംബവും അതിൽ പങ്കെടുത്തിരുന്നു. അവർക്ക് രണ്ടു കുട്ടികളുണ്ടായിരുന്നു. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. രണ്ടുപേരും എന്റെ സുഹൃത്തുക്കളായി മാറി. പക്ഷേ അക്കാലത്തൊന്നും അവർ അത്ര മതചിട്ടയും മതബോധവും ഒന്നും ഉള്ളവരായിരുന്നില്ല. എന്നാൽ അൽഹംദു ലില്ലാഹ് ഇന്നവർ ഒരുപാട് മാറി. ആ പെൺകുട്ടിക്ക് എന്റെ അതേ പ്രായമായിരുന്നു. ഞങ്ങളുടെ സംസാരം മിക്കപ്പോഴും മതങ്ങളെ കുറിച്ചായിരുന്നു. അവൾ പറഞ്ഞു, ഇസ്‌ലാമാണ് സത്യമതം എന്ന്. അത് കേട്ട് ഞാൻ പൊട്ടിച്ചിരിച്ചു. ജെറി പറയുന്നു ക്രിസ്ത്യാനിറ്റിയാണ് സത്യമെന്ന്. ഇവൾ പറയുന്നു, ഇസ്‌ലാമാണ് സത്യപാതയെന്ന്. ഞാനിതൊന്നും തീരെ കാര്യമാക്കിയില്ല. പക്ഷേ! അവളെന്നെ ഇസ്‌ലാമിനെ കുറിച്ച് വായിക്കാൻ നിർബന്ധിച്ചു. "എതായാലും നീ ഗീതയും ബൈബിളും വായിച്ചില്ലെ, ഇനി ഇസ്‌ലാമിനെ കുറിച്ചും ഒന്ന് വായിച്ച് നോക്ക്. എന്നിട്ട് തീരുമാനിക്ക്. നീ ഇസ്‌ലാം സ്വീകരിക്കണമെന്ന് ഞാൻ പറയില്ല, പക്ഷേ ഇസ്‌ലാമിൽ സത്യമുണ്ടെന്ന് നിനക്ക് ബോധ്യമാവും അതുറപ്പ്. ഞാൻ നല്ലൊരു ഭക്തയാവണമെന്നില്ല. പക്ഷെ! ഇസ്‌ലാമാണ് സത്യം എന്ന കാര്യത്തിൽ എനിക്ക് സംശയമില്ല". അവളുടെ ഈ സംസാരം ഇസ്‌ലാമിനെകുറിച്ചെന്തെങ്കിലും വായിക്കാനുള്ള തീരുമാനത്തിൽ എന്നെ കൊണ്ടെത്തിച്ചു.

പിന്നെ ജിഹാദിനെകുറിച്ചൊക്കെ മതഗ്രന്ഥം എന്ത്പറയുന്നു എന്ന് മനസിലാക്കാൻ എനിക്ക് ആഗ്രഹവുമുണ്ടായിരുന്നു. എന്തിനാണ് ആളുകൾ ഇങ്ങനെ മരിക്കുന്നത്? അവർ സ്വയം കൊല്ലപ്പെടുകയും മറ്റുള്ളവരെ കൊല്ലുകയും ചെയ്യുന്നു. ഇതിന് പിന്നിലുള്ള യഥാർഥ വികാരമെന്താണ്? ഖുർആനിന് ഇതിലെന്തെങ്കിലും പങ്കുണ്ടോ? ജിഹാദ് ചെയ്യാൻ യഥാർഥത്തിൽ ഖുർആൻ ആവശ്യപ്പെടുന്നുണ്ടോ? അങ്ങനെ ഞാൻ ഇസ്‌ലാമിനെകുറിച്ച് വായിക്കാൻ തീരുമാനിച്ചു. പക്ഷേ ജിഹാദിന് പകരം ഖുർആനിലെ ശാസ്ത്രത്തെ സംബന്ധിക്കുന്ന ഒരു പുസ്തകമാണ് എനിക്ക് ആദ്യമായി വായിക്കാൻ ലഭിച്ചത്. അതെന്നെ ശരിക്കും അത്ഭുതപ്പെടുത്തി. ഏകദേശം രാത്രി 9.30 നാണ് ഞാനത് വായിക്കാൻ ആരംഭിച്ചത്. വായിച്ച് തീർന്നത് പുലർച്ചെ നാലരമണിക്കും. രാത്രി ഞാൻ ഉറങ്ങിയതേയില്ല. ഓരോ പേജ് കഴിയുംതോറും അടുത്തതിലേക്ക്... അത് കഴിയുമ്പോൾ അതിനടുത്തതിലേക്ക് അങ്ങനെയങ്ങനെ അതെന്നെ ശരിക്കും കീഴടക്കുകയായിരുന്നു! ശരിക്കും ഞാൻ അത്ഭുതം കൊണ്ടും വിസ്മയംകൊണ്ടും വാപൊളിച്ചു! ഈ പറയുന്നതൊക്കെ ഇതേ മട്ടിൽ തന്നെ മുസ്‌ലിംകളുടെ ഗ്രന്ഥമായ ഖുർആനിൽ അതേപടി ഉണ്ടാകുമോ? എനിക്കത് വിശ്വസിക്കാൻ കഴിയുന്നില്ല. തീർച്ചയായും ഇത് ശാസ്ത്രം വളർച്ച പ്രാപിച്ചതിന് ശേഷം മറ്റാരോ എഴുതി ചേർത്തതാവാനാണ് സാധ്യത. 1400 വർഷം മുമ്പേ ഇത്രയും കൃത്യമായ ശാസ്ത്രീയ വിവരങ്ങളോ? എന്നെ ഏറ്റവും അത്ഭുതപ്പെടുത്തിയത് ഭ്രൂണശാസ്ത്രമാണ്. ഞാനൊരു ഡോക്ടറാണ് എന്നതാവാം കാരണം.

എന്റെ എം.ബി.ബി.എസ് പഠനകാലത്ത് ഏറ്റവും ബുദ്ധിമുട്ടനുഭവപ്പെട്ട വിഷയവുമായിരുന്നു അതെനിക്ക്. ഇന്നും ആ വിഷയത്തെകുറിച്ച് പെട്ടെന്ന് ചോദിച്ചാൽ എനിക്ക് ആകെ കൺഫ്യൂഷൻ ആകും. പക്ഷേ! ആയിരത്തിനാന്നൂറ് കൊല്ലം മുമ്പ് നിരക്ഷരനായ ഒരു മനുഷ്യൻ ഇത്രയും കൃത്യമായി ഭ്രൂണശാസ്ത്രത്തെ കുറിച്ച് സംസാരിക്കുന്നു എന്ന്വെച്ചാൽ എങ്ങനെ വിശ്വസിക്കാൻ പറ്റും? ആ കാലത്ത് ആർക്കാണ് മനുഷ്യശരീരത്തെകുറിച്ചൊക്കെ ഇങ്ങനെ കൃത്യമായി പറയാനാവുക?

നമ്മൾ പഠിച്ചത് സൂര്യനും ഗ്രഹങ്ങളും സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നുണ്ട് എന്നാണ്. പക്ഷേ! 2003 ലാണ് ശാസ്ത്രം സൂര്യൻ കറങ്ങുന്നില്ല, ഗ്രഹങ്ങൾ മാത്രമേ കറങ്ങുന്നുള്ളൂ എന്ന് കണ്ടെത്തിയത്. ഡാർവിൻ തിയറി ശരിയാണ് എന്നായിരുന്നു നാം പഠിച്ചിരുന്നത് പക്ഷേ! ഇപ്പോൾ അത് ശാസ്ത്രം തന്നെ തിരുത്തുകയും തെറ്റാണെന്ന് അംഗീകരിക്കുകയും ചെയ്തു. പക്ഷേ! 14 നൂറ്റാണ്ട് മുമ്പേ തന്നെ ഖുർആൻ അത് കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതൊക്കെ എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി കളഞ്ഞു.

പുലർച്ചെ ആറരയാവുന്നത് വരെ ഞാൻ എങ്ങനെയൊക്കെയോ സമയം തള്ളിനീക്കി. നേരം പുലർന്നതോടെ ആദ്യം തന്നെ എനിക്കാ പുസ്തകം തന്ന കൂട്ടുകാരിയെ ഞാൻ ഫോണിൽ വിളിച്ചു. "ഞാനീ വായിച്ച കാര്യങ്ങളൊക്കെ ഖുർആനിൽ ശരിക്കുമുണ്ടോ? എങ്കിൽ എനിക്ക് ഖുർആൻ വിശദമായൊന്നു പഠിക്കാൻ കിട്ടണം. അടുത്തതായി ഞാൻ എന്റെ പിതാവിനെ വിളിച്ച് ഈ കാര്യങ്ങളൊക്കെ വിശദമായി പറഞ്ഞു.

അദ്ദേഹം ചിരിച്ചു കൊണ്ട് നിനക്കെന്തു പറ്റിയെന്ന് ചോദിച്ചു. ഞാൻ പറഞ്ഞു ഇതെന്നെ വല്ലാതെ അത്ഭുതപ്പെടുത്തുന്നു ഡാഡി! ഇതേ കുറിച്ച് ശരിക്കുമൊന്ന് പഠിക്കണം. ഹോ! അതൊക്കെ നിന്റെയിഷ്ടം പോലെ ചെയ്തോ? ആദ്യം മമ്മിയും ഇതത്രകാര്യമായി എടുത്തില്ല. ഞാനെപ്പോഴും എന്തെങ്കിലും മതഗ്രന്ഥങ്ങളൊക്കെ വായിക്കാറുണ്ടായിരുന്നു. പക്ഷേ ഇസ്‌ലാമിനെ കുറിച്ചു വായിക്കാൻ തുടങ്ങിയതോടെ അതെന്നെ വല്ലാതെ ആകർഷിച്ചു. വല്ലാത്തൊരു മനഃസംതൃപ്തി. ഈ ലോകത്ത് മറ്റൊരാൾക്കും, മറ്റൊരു വസ്തുവിനും എന്നെ ഇതേപോലെ സ്വാധീനിക്കാനോ, തൃപ്തിപ്പെടുത്തുവാനോ കഴിഞ്ഞിട്ടില്ല.

അതിനിടെ ഞാൻ മംഗലാപുരത്ത് സംഘടിപ്പിച്ച ഒരു പ്രസംഗം കേൾക്കാൻ പോയി. ഒരു മുസ്‌ലിം പ്രഭാഷകനോട് ഞാൻ കുറെ ചോദ്യങ്ങൾ ചോദിക്കുകയും മനസ്സിനെ ബോധ്യപ്പെടുത്തും വിധം കൃത്യമായി ഉത്തരം നൽകുകയും ചെയ്തു. അവിടെ വെച്ച് ഞാൻ കുറച്ച് സലഫീ പ്രവർത്തകരെ പരിചയപ്പെട്ടു. അതോടെ ഇസ്‌ലാമിനെകുറിച്ച് കൂടുതൽ വായിക്കാനും പഠിക്കാനും അവസരം തുറന്നു കിട്ടി.

അങ്ങനെയൊരു ദിവസം ഞാൻ എന്റെ കൂട്ടുകാരൻ ജെറിയോട് ചോദിച്ചു"നീ മരണപ്പെട്ടുവെന്ന് സങ്കൽപിക്കുക, അന്ത്യനാളിൽ ചോദ്യം ചെയ്യപ്പെടുന്ന ദിവസം സ്വർഗ്ഗത്തിന്റെയും നരകത്തിന്റെയും മുന്നിൽ നിന്നെ നിർത്തിയിരിക്കുകയാണെന്നും നീ സങ്കൽപിക്കുക. അപ്പോഴാണ് നീ അറിയുന്നത് നീ വിശ്വസിച്ചതും പ്രവർത്തിച്ചതുമായ കാര്യങ്ങളൊക്കെ തെറ്റായിരുന്നു എന്ന്. അങ്ങനെ നിന്നോട് നരകത്തിലേക്ക് പോവാൻ ആജ്ഞാപിച്ചു എങ്കിൽ നീ എന്ത് ചെയ്യും? നല്ലൊരു പ്രാസംഗികനാണവൻ. പ്രസംഗത്തിനവൻ ഇന്റർനാഷണൽ അവാർഡ് കരസ്ഥമാക്കിയിട്ടുണ്ട്. എന്റെ കോളജിലെ 16 കുട്ടികളെ മതപരിവർത്തനം നടത്തിക്കാൻ അവന്റെ വാക്ചാതുരിക്ക് കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ജെറി എന്റെ ഈ വാക്ക് കേട്ടപ്പോൾ പൊട്ടിക്കരഞ്ഞു. എന്നിട്ട് പറഞ്ഞു എനിക്കറിയില്ല, എനിക്കറിയില്ല അങ്ങനെയൊരു അവസ്ഥ വന്നാൽ ഞാൻ എന്ത് ചെയ്യും? എന്ത് ചെയ്യും? അവൻ വല്ലാത്തൊരു അവസ്ഥയിലായി. അതോടെ ഒരു കാര്യം എനിക്ക് ബോധ്യപ്പെട്ടു. അവൻ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ അവന് നൂറ് ശതമാനം ആത്മവിശ്വസവും ഉറപ്പും ഇല്ല. എങ്കിൽ എന്റെ മുസ്‌ലിം സഹോദരിയോട് ഇതേ ചോദ്യം ഞാൻ ചോദിച്ചപ്പോൾ അവളുടെ ഉത്തരം എന്നെ അത്ഭുതപ്പെടുത്തുക തന്നെ ചെയ്തു. അവൾ വലിയ മതഭക്തയോ പ്രാസംഗികയോ വാക്ചാതുരിയുള്ളവളോ ഒന്നുമല്ലായിരുന്നു. പക്ഷേ! ഞാനീ ചോദ്യമങ്ങ് ചോദിച്ചപ്പോൾ അവൾ പറഞ്ഞു ഞാനൊരു വലിയ മതഭക്തയല്ലായിരിക്കാം എന്റെ ജീവിതത്തിൽ ഒരുപാട് വീഴ്ചകളും തെറ്റുകളും സംഭവിക്കുന്നുണ്ടായിരിക്കാം. അതിനാൽ ഞാൻ ചിലപ്പോൾ നരകത്തിലെറിയപ്പെടും. പക്ഷേ! ദൈവത്തിന്റെ ഏകത്വത്തെകുറിച്ചുള്ള എന്റെയീ വിശ്വാസമുണ്ടല്ലോ അതവിടെ തീർച്ചയായും വിജയിക്കും. അതിന്റെ സ്ഥാനം സ്വർഗത്തിൽ തന്നെയാണ്. അതെനിക്കുറപ്പുണ്ട്. ഞാൻ ശരിക്കും തരിച്ചിരുന്നു പോയി. ഒരു വലിയ മതപ്രാസംഗികൻ എന്റെ മുമ്പിൽ പൊട്ടിക്കരഞ്ഞപ്പോൾ വെറുമൊരു സാധാരണ മുസ്‌ലിം പെൺകുട്ടി വളരെ ധൈര്യത്തോടെ പറയുന്നു അല്ലാഹുവാണ് ശാശ്വതസത്യമെന്ന്. ഖുർആനാണ് ശരിയായ പാത അതാണ് ഈ ആത്മവിശ്വാസത്തിന്റെ കരുത്ത്. ഇസ്‌ലാമിന്റെ ശക്തി ഞാനും ഇപ്പോൾ അനുഭവിക്കാൻ തുടങ്ങി.

എനിക്കറിയാവുന്ന വിധം ഞാൻ നമസ്കരിക്കാൻ ആരംഭിച്ചു. ആ സമയത്ത് എന്റെ വിവാഹം നിശ്ചയിച്ചിരിക്കുകയായിരുന്നു. ഒരു ഹിന്ദുവിനെ വിവാഹം കഴിച്ചാൽ എന്തെങ്കിലും പ്രശ്നങ്ങളും പ്രയാസങ്ങളുമുണ്ടാവുമെന്ന് അന്ന് ഞാൻ കരുതിയതുമില്ല. അതിനിടെയാണ് ഞാൻ വായിച്ചത്, ഒരു വിശ്വാസി ഒരു വിശ്വാസിയെ തന്നെ വിവാഹം കഴിക്കണമെന്ന്. ഒരു മുസ്‌ലിമിനെ മാത്രമേ ഞാൻ വിവാഹം ചെയ്യുവെന്ന് അതോടെ തീരുമാനിച്ചു. നിശ്ചയിച്ച വിവാഹം വേണ്ടാ എന്ന് ഞാൻ വീട്ടിൽ അറിയിച്ചു. അത് വീട്ടിൽ വലിയ കോളിളക്കവും പ്രശ്നങ്ങളും ഉണ്ടാക്കി. അതോടെ എനിക്കൊരു ചെയ്ഞ്ച് കൂടിയേ തീരു എന്ന് എന്റെ മമ്മിക്ക് തോന്നുകയും എന്നെ ദുബായിലുള്ള ബന്ധുക്കളുടെ അടുത്തേക്കയക്കുകയും ചെയ്തു. ഞാനീ സമയത്ത് ഇസ്‌ലാമിനെ കുറിച്ച് തന്നെ സംസാരിക്കുന്നത് അവരിൽ സംശയം ജനിപ്പിച്ചു തുടങ്ങിയിരുന്നു.

ദുബായിൽ എനിക്കൊരു ജോലി കിട്ടി. പക്ഷേ ഒരോയൊരു ദിവസം മാത്രമേ ഞാൻ ജോലിക്ക് പോയുള്ളു. അവിടുന്ന് ഞാൻ ഷാർജയിലേക്ക് പോയി. മംഗലാപുരത്തു നിന്നുള്ള ഒരു മുസ്‌ലിം സഹോദരന്റെ സഹായത്തോടെ മതം മാറുകയും സർട്ടിഫിക്കറ്റ് നേടുകയും ചെയ്തു. പിന്നീട് ഞാൻ വീട്ടിലേക്ക് തിരിച്ചു വരികയും എന്റെ മതപരിവർത്തനം എല്ലാവരെയും തുറന്നറിയിക്കുകയും ചെയ്തു. വീട്ടിൽ അതൊരു ഭൂകമ്പമായി. വിവരമറിഞ്ഞ് ലണ്ടനിൽ പീഡിയാട്രീഷനായ സഹോദരൻ ജോലി ഉപേക്ഷിച്ച് നാട്ടിലെത്തി. വീട്ടുകാരുടെയും നാട്ടുകാരുടെയും ബന്ധുക്കളുടെയും മുന്നിൽ ഞാൻ വലിയൊരു അപരാധം ചെയ്ത കുറ്റവാളിയായി. അക്കാലത്ത് പ്രാർഥന ഒന്ന് മാത്രമായിരുന്നു എന്റെ മുമ്പിലുള്ള വഴി. ഇന്നും എന്നോടും നിങ്ങളോടുമൊക്കെ ഉപദേശിക്കാനുള്ളതും പ്രാർഥനയെ കുറിച്ച് തന്നെ. തീർച്ചയായും അവൻ നമ്മളെ സഹായിക്കും. ആരും പ്രതീക്ഷിക്കാത്ത ആർക്കും കണക്കുകൂട്ടാൻ കഴിയാത്ത വിധമൊരു പോംവഴി അവനുണ്ടാക്കി തരും. കൊല്ലപ്പെടണമെന്നാണ് അല്ലാഹുവിന്റെ തീരുമാനമെങ്കിൽ അത് നടക്കും. ആർക്കും അത് തടുക്കുവാൻ സാധ്യമല്ല. ഇതിനെയാണ് ജിഹാദ് എന്ന് പറയുന്നതെന്ന് ഞാൻ മനസിലാക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ത്യജിക്കുക.

**ഖുർആനിലെ ശാസ്ത്രത്തെ സംബന്ധിക്കുന്ന ഒരു പുസ്തകമാണ് എനിക്ക് ആദ്യമായി വായിക്കാൻ ലഭിച്ചത്. അതെന്നെ ശരിക്കും അത്ഭുതപ്പെടുത്തി. ഏകദേശം രാത്രി 9.30നാണ് ഞാനത് വായിക്കാൻ ആരംഭിച്ചത്. വായിച്ച് തീർന്നത് പുലർച്ചെ നാലരമണിക്കും. രാത്രി ഞാൻ ഉറങ്ങിയതേയില്ല. ഓരോ പേജ് കഴിയുംതോറും അടുത്തതിലേക്ക് അത് കഴിയുമ്പോൾ അതിനടുത്തതിലേക്ക്... അങ്ങനെയങ്ങനെ അതെന്നെ ശരിക്കും കീഴടക്കുകയായിരുന്നു!**

**എന്റെ എം.ബി.ബി.എസ് പഠനകാലത്ത് ഏറ്റവും ബുദ്ധിമുട്ടനുഭവപ്പെട്ട വിഷയവുമായിരുന്നു ഭ്രൂണശാസ്ത്രം. ഇന്നും ആ വിഷയത്തെകുറിച്ച് പെട്ടെന്ന് ചോദിച്ചാൽ എനിക്ക് ആകെ കൺഫ്യൂഷൻ ആകും. പക്ഷേ! ആയിരത്തിനാന്നൂറ് കൊല്ലം മുമ്പ് നിരക്ഷരനായ ഒരു മനുഷ്യൻ ഇത്രയും കൃത്യമായി ഭ്രൂണശാസ്ത്രത്തെ കുറിച്ച് സംസാരിക്കുന്നു എന്ന്വെച്ചാൽ എങ്ങനെ വിശ്വസിക്കാൻ പറ്റും? ആ കാലത്ത് ആർക്കാണ് മനുഷ്യശരീരത്തെകുറിച്ചൊക്കെ ഇങ്ങനെ കൃത്യമായി പറയാനാവുക?**

വളരെ ഉയർന്ന സാമ്പത്തികസ്ഥിതി ഉള്ളതാണെന്റെ കുടുംബം. രാഷ്ട്രീയസ്വാധീനമടക്കം ഭരണകൂടങ്ങളിലൊക്കെ വലിയ പിടിപാടുള്ള കുടുംബം. എന്നിട്ട് പോലും ഞാൻ കൊല്ലപ്പെടുകയോ ആക്രമിക്കപ്പെടുകയോ ഉണ്ടായിട്ടില്ല. അതാണ് അല്ലാഹുവിന്റെ തീരുമാനവും അവന്റെ സംരക്ഷണവും. ഒടുവിൽ വീട്ടുകാർ എന്നെകൊണ്ട് പൊറുതിമുട്ടി. "നിനക്ക് ഇസ്‌ലാമാണോ കുടുംബമാണോ വേണ്ടത്? ഇസ്‌ലാമാണ് വേണ്ടതെന്ന് ഞാൻ കണ്ണടച്ച് ഉത്തരം പറഞ്ഞു. അത് ശരിക്കും വേദനാജനകമായ ഒരു നിമിഷമായിരുന്നു. എനിക്കുള്ളതെല്ലാം ഉപേക്ഷിച്ച് ഞാൻ വീട്ടിൽ നിന്ന് ഇറങ്ങേണ്ട അവസ്ഥ. ഉന്നതമായ രീതിയിലാണ് ഞാൻ വളർന്നത്. വായിൽ സ്വർണ്ണക്കരണ്ടിയുമായി പിറന്നുവീണവൾ! ഞാൻ വുളുവെടുത്ത് രണ്ട് റക്അത്ത് നമസ്കരിച്ചു. എന്നിട്ട് അല്ലാഹുവിനോട് പറഞ്ഞു "എന്റെ നാഥാ ഞാനിത് കൊണ്ട് സ്വർഗ്ഗമല്ലാതെ മറ്റൊന്നും ആഗ്രഹിക്കുന്നില്ല. ഞാനെന്റെ മാതാപിതാക്കളെയും കുടുംബത്തെയും വീടിനേയും സകലസുഖസൗകര്യങ്ങളേയും എല്ലാം ഇതാ ഉപേക്ഷിക്കുന്നു നിന്റെ സ്വർഗം കിട്ടണം എന്ന നിയ്യത്ത് മാത്രമേ എനിക്കുള്ളു. നീയതെനിക്ക് നൽകണേ".

ആറുമാസത്തിലേറെയായി എന്റെ മമ്മിയോ സഹോദരങ്ങളോ എന്നോട് മിണ്ടിയിട്ട്. ഞാൻ മംഗലാപുരത്തേക്ക് വന്ന് എന്റെ കോളജിൽ ഇന്റേൺഷിപ്പ് ചെയ്യാനാരംഭിച്ചു. അതൊരു ഷെട്ടി കോളജായിരുന്നു. അതിനാൽ അവരെന്നെ തുടർന്ന് പഠിക്കാൻ അനുവദിച്ചില്ല. പിന്നെ ഞാൻ ആദർശസുഹൃത്തായ ഒരു മുസ്‌ലിം അങ്കിളിന്റെ കുടുംബവുമായി കൂടുതൽ അടുക്കുകയും അവരോടൊപ്പം തന്നെ താമസം ആരംഭിക്കുകയും ചെയ്തു. നിങ്ങൾക്കറിയുമോ, ഞാനുപേക്ഷിച്ച് പോന്ന ഓരോ സൗഭാഗ്യങ്ങളും ഇന്നെന്റെ ജീവിതത്തിലേക്ക് പതിൻമടങ്ങ് ശോഭയോടെ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. എന്റെ ഭക്ഷണകാര്യത്തിൽ പോലും അല്ലാഹു ശ്രദ്ധിക്കുന്നുണ്ട് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. വീട്ടിൽ ഞാനൊറ്റ പെൺകുട്ടിയായിരുന്നു. ഇപ്പോഴെനിക്ക് ഒരുപാട് സഹോദരിമാരുണ്ട്. നല്ല വീടുണ്ട്, നല്ല ഭക്ഷണമുണ്ട്. എല്ലാം അല്ലാഹു എനിക്ക് വേണ്ടി ഒരുക്കി വെച്ചിരിക്കുകയായിരുന്നു. എനിക്ക് വിവാഹലോചനകൾ നടന്നുവരുന്നു അതിലും എനിക്ക് നിബന്ധനകളൊന്നുമില്ല. അല്ലാഹുവിനറിയാം എനിക്ക് ഏറ്റവും ഉത്തമം ഏതാണെന്ന്. അതെനിക്കവൻ നൽകും; അവൻ നല്ലതേ നൽകൂ എന്നെനിക്കുറപ്പുണ്ട്.

*ഇസ്‌ലാമിൽ നിങ്ങളെ ഏറ്റവും ആകർഷിച്ച കാര്യം എന്താണെന്ന് വിശദീകരിക്കാമോ?*

എന്നെ ഏറ്റവും ആകർഷിച്ചത് ഖുർആനിലെ ശാസ്ത്രീയ പരാമർശങ്ങൾ തന്നെയാണ്. അതെന്നെ ശരിക്കും അത്ഭുതപ്പെടുത്തിക്കളഞ്ഞു.

*സ്നേഹസംവാദം വായനക്കാരോട് പ്രത്യേകിച്ച് എന്തെങ്കിലും പറയാനുണ്ടോ?*

എനിക്ക് പറയാനുള്ളത് മതം പ്രബോധനം ചെയ്യുക. പക്ഷേ! ആരെയും നിർബന്ധിക്കേണ്ടതില്ല, അവർക്ക് വായിക്കാനും പഠിക്കാനുമുള്ള അവസരങ്ങൾ ഉണ്ടാക്കി കൊടുക്കുക. ഒന്നിനും നിർബന്ധിക്കേണ്ടതില്ല. എന്റെ കാര്യം തന്നെയെടുക്കാം. ഇസ്‌ലാമിനെ കുറിച്ച് മനസ്സിലാക്കിയിട്ടും പർദ്ദ ധരിക്കാൻ ഞാൻ എട്ടു മാസമെടുത്തു. പക്ഷേ! ഇന്നതിനെ ഞാൻ ആത്മാർഥമായി സ്നേഹിക്കുന്നു അതില്ലാതെ എനിക്ക് പുറത്തിറങ്ങാൻ പറ്റാത്ത മാനസികാവസ്ഥ. അതിന് കാരണം ഞാനത് സ്വയം തിരഞ്ഞെടുത്തുവെന്നതിനാലാണ്. മറ്റാരുടേയെങ്കിലും നിർബന്ധപ്രകാരമാണങ്കിൽ ഞാനതിനെ വെറുത്തു പോകുമായിരുന്നു. എല്ലാവരും തന്നാലാവും വിധം ദഅ്‌വത്ത് ചെയ്യുക.

ഒരു മുസ്‌ലിമായി ജനിക്കുക എന്നത് വലിയ കാര്യമല്ല. മറിച്ച് മുസ്‌ലിമായി മരിക്കുക എന്നത് വളരെ വളരെ വലിയ കാര്യമാണ്താനും. അതിനാൽ മുസ്‌ലിമായി മരിക്കാൻ എല്ലാവരും ശ്രമിക്കുക. അല്ലാഹു നമുക്കതിന് സൗഭാഗ്യം നൽകുമാറാകട്ടെ.


സ്നേഹ സംവാദം

| | | |
|---|---|---|
| ഒറ്റ പ്രതി | – | 10 |
| ഒരു വർഷത്തേക്ക് | – | 120 |
| രണ്ടു വർഷത്തേക്ക് | – | 240 |

(ഖുർആൻ പരിഭാഷ സൗജന്യം, രൂപ 20 തപാൽ ചാർജ്)

**SNEHASAMVADAM MONTHLY**

P.B. No:1981, Vyttila, Kochi-19, Tel: 0484 2301275